**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1309** **03.12.2018 -ൽ മറുപടിക്ക്**

**കൈത്തറി യൂണിഫോം തുണി വിതരണം**

**ചോദ്യം** **ഉത്തരം**

**ശ്രീ. ആർ. രാമചന്ദ്രൻ** പ്രൊഫ : സി.രവീന്ദ്രനാഥ്

(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി )

| ചോദ്യം | ഉത്തരം |
| --- | --- |
| എ) 2019-20 അദ്ധ്യയന വർഷത്തിലും സ്കൂൾ വിദ്യാർത്ഥികൾക്ക് നേരിട്ട് കൈത്തറി യൂണിഫോം തുണി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | എ) സ്വീകരിച്ചുവരുന്നു. 2019-20 അദ്ധ്യയന വർഷത്തിൽ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നടപ്പു അദ്ധ്യയനവർഷത്തിൽ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് വിതരണം ചെയ്തതിന് പുറമേ അടുത്ത വർഷം 1 മുതൽ 4 വരെ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിൽകൂടി കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള തുണിയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| ബി) ഓരോ സ്കൂളിനും, മുൻ വർഷത്തിൽ വിതരണം ചെയ്ത അതേ യൂണിഫോം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | ബി) സ്വീകരിച്ചുവരുന്നു യൂണിഫോം പാറ്റേൺ 3 വർഷത്തിനുള്ളിൽ മാറ്റുന്നതല്ല. 2017-18 മുതലാണ് കൈത്തറി യൂണിഫോം വിതരണം തുടങ്ങിയത്. അതുകൊണ്ട് 2018-19-ൽ നൽകിയ അതേ യൂണിഫോം തന്നെയായിരിക്കും 2019-20 ലും നൽകുക. |
| സി) ഇതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ? | സി) ഉണ്ട്. അടുത്ത അദ്ധ്യയനവർഷം 8,45,943 കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള കൈത്തറി തുണിയുടെ ഉൽപാദനം കൈത്തറി വകുപ്പിന്കീഴിൽ നടന്നു വരുന്നു. സ്കൂൾ തുറക്കുന്നതിന് മുൻപ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ